ML9101

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

## മലയാളം പേപ്പർ - I

## കേരളപാഠാവലി

ക്ലാസ്സ് : IX

സമയം :1½മണിക്കൂർ | ആകെ സ്കോർ: 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
- നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.

1. "യുവത്വം മാത്രമാണ് ജീവിതംന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ, സാധാരണ മനുഷ്യന്റെ വസന്തകാലം അതാണ്."
   അച്യുതൻമാഷുടെ ഈ വാക്കുകളിലെ ധ്വനി എന്ത് ?
   - യുവാക്കളോടുള്ള അസൂയ
   - വാർധക്യത്തോടുള്ള അതൃപ്തി
   - യുവത്വത്തെ അംഗീകരിക്കാനുള്ള ഹൃദയ വിശാലത
   - ചുമതലകളിൽ നിന്ന് ഒളിച്ചോടാനുള്ള വ്യഗ്രത

(സ്കോർ 1)

2. 'സർവ്വസന്നുതൻ' എന്ന് വിശേഷിപ്പിക്കുന്നത് ആരെ?
   - സൂര്യകാന്തിയെ
   - സൂര്യനെ
   - രാവിനെ
   - കാറ്റിനെ

(സ്കോർ 1)

3. മാതൃകയനുസരിച്ച് മാറ്റി എഴുതുക
   മാതൃക : പൂവട- പൂ+അട
   അവൾ-
   വഴിയമ്പലം-

(സ്കോർ 2)

**4 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം. അരപ്പുറത്തിൽ കവിയരുത്** (സ്കോർ 6x4=24)

4. കാവ്യഭംഗി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
   "മേയുന്ന പുല്ലും മറിമാൻ മറന്നു,
   ചെയ്യുന്ന നൃത്തം മയിലും നിറുത്തി;

പായുന്ന കണ്ണീർക്കണമെന്നപോലെ
പെയ്യുന്നിതേ വെള്ളില വള്ളിതോറും ''

5. വാർധക്യത്തോടുള്ള പുതിയ തലമുറയുടെ സമീപനം തീർത്തും നിരാശാജനകമാണോ? നിങ്ങളുടെ അനുഭവപശ്ചാത്തലവുമായി ബന്ധപ്പെടുത്തി കുറിപ്പു തയ്യാറാക്കുക.

6. • "കാട്ടിൽപ്പാർക്കുമെനിക്കുമിത്ര കഠിനം
സ്നേഹോദിതം കുണ്ഠിതം."

• "ചിന്തിച്ചു നിങ്ങളെയെനിക്കിനിയാധി വേണ്ടാ."

കണ്വമഹർഷിയുടെ ഏതെല്ലാം സ്വഭാവ സവിശേഷതകളാണ് ഈ വരികളിലൂടെ വ്യക്തമാവുന്നത്? നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

7. "ദേഹമിന്നതിൻ ചൂടിൽ-
ദ്ദഹിച്ചാൽ ദഹിക്കട്ടെ,
മോഹന പ്രകാശമെ-
ന്നാത്മാവു ചുംബിച്ചല്ലോ"

സൂര്യനും സൂര്യകാന്തിക്കുമിടയിലെ തീവ്രമായ സ്നേഹത്തെ ആവിഷ്ക്കരിക്കാൻ ഈ വരികൾക്ക് കഴിയുന്നുണ്ടോ? പരിശോധിക്കുക.

8. "ഭൂമിയിലുള്ള സർവജന്തുക്കളെയും കൊന്നൊടുക്കിയ ശേഷം മനുഷ്യൻ മാത്രം അവശേഷിച്ച് ഒടുവിൽ അവനും ഒന്നടങ്കം ചാവുന്ന കാലത്തെക്കുറിച്ചുള്ള ഓർമ ഒരു മുന്നറിയിപ്പു പോലെ 'ഭൂമിയുടെ അവകാശികൾ' എന്ന കഥയിൽ പ്രത്യക്ഷപ്പെടുന്നു."

"സമസ്യഷ്ടിസ്നേഹം പ്രമേയമാകുന്ന കഥ എന്നതിനപ്പുറം മനുഷ്യരാശിയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്ക കൂടി ആവിഷ്ക്കരിക്കുന്നു ഭൂമിയുടെ അവകാശികൾ."

പ്രസ്താവനകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. "വാർധക്യമേറി ജരാനരയും പൂണ്ടു
നേത്രവും കാണാതെ പാർത്തിരുന്നീടുന്നു
ദാഹേന ഞാൻ ജലംകൊണ്ടങ്ങു ചെല്ലുവാൻ
ദാഹം കെടുക്ക നീ തണ്ണീർ കൊടുത്തിനി."

"അവര് പഴയ വീടുകൾ പൊളിച്ച് പുതിയത് പണിയുന്നു. പുതിയ തരം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നു. അതിനെടയിൽ നമ്മൾ മാത്രമാണ് പഴയൊരു വസ്തു. അതിഥികൾ കാണാത്ത ഒരു മുക്കിലേക്ക് നമ്മളെത്തള്ളും."

ഈ രണ്ടു കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. 'സ്നേഹത്തിന്റെയും കടപ്പാടിന്റെയും സമ്മർദ്ദങ്ങൾക്കിടയിൽപെട്ടുഴലുന്ന കഥാപാത്രമാണ് 'അങ്ങേവീട്ടിലേക്ക്' എന്ന കവിതയിലെ മകൾ.'- സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

11. "ദൈവമേ പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളുടെ എല്ലാം സ്രഷ്ടാവേ....... ഒന്നും അറിഞ്ഞുകൂടാ. നേരായ മാർഗ്ഗം കാണിച്ചു തരേണമേ! "

"സഹവർത്തിത്വമാണ് ആവശ്യം. പക്ഷേ കൂട്ടായി ജീവിക്കാനൊക്കുമോ? "

-ഭൂമിയുടെ അവകാശികൾ

"മൃഗങ്ങളുടെയും പക്ഷികളുടെയും ധാന്യങ്ങളുടെയും വൃക്ഷങ്ങളുടെയും മത്സ്യങ്ങളുടെയും മറ്റു ജലജീവികളുടെയും ഭാഗത്തുനിന്നു നോക്കിയാൽ മനുഷ്യരെല്ലാം ഭയങ്കര ഘാതകർ തന്നെ."

-ശബ്ദങ്ങൾ

പ്രകൃത്യനുകൂലമായ പുതിയ കാഴ്ചപ്പാട് രൂപപ്പെടേണ്ടതിന്റെ ആവശ്യകതയാണ് ബഷീർ മുന്നോട്ടുവെയ്ക്കുന്നത് എന്ന നിരീക്ഷണം വിലയിരുത്തി ലഘു ഉപന്യാസം തയ്യാറാക്കുക. (ഒരുപുറം)

(സ്കോർ 6)

12. കവിതയ്ക്ക് ശീർഷകം നിർദ്ദേശിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (ഒരുപുറം)

(സ്കോർ 6)

വീട്ടിലുണ്ടായിരുന്നു
പഴയകുട-ശീലയിൽ
കാലപ്പഴക്കത്തിന്റെ
സുഷിരങ്ങളും
വെയിലിന്റെ നരയും
മഴയും ജരയും ബാധിച്ചത്!
ജീവിത വഴികൾ
ഏറെത്താണ്ടിയതിനാൽ
കാലല്പം വളഞ്ഞിരുന്നു.
ഇനിയെത്രയെന്ന ചോദ്യവുമായി
കമ്പികൾ കൂന്നു തുടങ്ങിയിരുന്നു.

എന്നാൽ
ഞാനതുപേക്ഷിച്ചില്ല
അഗതി മന്ദിരത്തിന്റെ
ഒഴിഞ്ഞ മൂലയിൽ
സൂക്ഷിച്ചിരിപ്പുണ്ടിപ്പോഴും!

-ബാലകൃഷ്ണൻ കൊടശ്ശേരി